**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 17 — 08.06.2015-ന് മറുപടി നൽകേണ്ടത്

## കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി; ഇവയിൽ പരിഗണിക്കപ്പെട്ടവ ഏതെല്ലാം : പരിഗണിക്കപ്പെടാതെ പോയവ ഏതെല്ലാം: വ്യക്തമാക്കാമോ : | (എ) യും (ബി) യും | കേന്ദ്രബഡ്ജറ്റിൽ പരിഗണിക്കാനായി സമർപ്പിച്ച സംസ്ഥാനത്തിന്റെ നിരവധി ആവശ്യങ്ങൾ അടങ്ങിയ നിവേദനം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | ബജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ : എങ്കിൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ : | | |
| (സി) | ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിനു മുൻപ് മുഖ്യമന്ത്രി ആരെല്ലാമായി നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി : പ്രസ്തുത രംഗത്ത് സംസ്ഥാനത്തു നിന്നുള്ള എം.പി.മാരെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായോ : വ്യക്തമാക്കാമോ ? | (സി) | കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനത്തു നിന്നുള്ള എം.പി.മാരുടെ സമ്മേളനം 18.02.2015-ന് തിരുവനന്തപുരത്ത് കൂടുകയും പാർലമെന്റിൽ ഉന്നയിക്കേണ്ട സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ എം.പി. മാരുമായി ചർച്ച ചെയ്യുകയും എം.പി.മാരുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**